**No: 295/2022**

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തു പട്ടക്കാരും, പള്ളി കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
2022 ഓഗസ്റ്റ് മാസം 04-ാം തീയതി പത്തനാപുരം മൗണ്ട് താബോർ ദയറാ അങ്കണത്തിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ യോഗം 2022 - 2027 കാലയളവിലേക്കുള്ള സഭാ വൈദിക ട്രസ്റ്റിയായി അമയിൽ ഡോ. തോമസ് വർഗീസ് കത്തനാരെയും, അത്മായ ട്രസ്റ്റിയായി കുത്തുകുഴിയിൽ റോൺ വില്ലായിൽ ശ്രീ. റോണി വർഗീസ് ഏബ്രഹാമിനെയും, അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റി അംഗങ്ങളെയും ഭരണഘടനാനുസൃതം തെരഞ്ഞെടുക്കുകയുണ്ടായി. അവർക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു. ദൈവാശ്രയത്തോടും സഭാ ഭരണഘടനയ്ക്കു വിധേയമായും പരിശുദ്ധ സഭയുടെയും ദൈവരാജ്യത്തിന്റെയും കെട്ടുപണിക്കുവേണ്ടി പ്രവർത്തിക്കുവാൻ ദൈവം തമ്പുരാൻ അവരെ ശക്തീകരിക്കുകയും സഹായിക്കുകയും ചെയ്യട്ടെ എന്ന് നാം പ്രാർത്ഥിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷക്കാലം സഭയുടെ വൈദിക ട്രസ്റ്റിയായി സേവനമനുഷ്ഠിച്ച നമ്മുടെ വാത്സല്യവാൻ മഠത്തിൽ ഡോ. എം. ഒ. ജോൺ കത്തനാരോടും, സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങളോടുമുള്ള നമ്മുടെ ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും അറിയിക്കുന്നു. അത്മായ ട്രസ്റ്റിയായി സേവനമനുഷ്ഠിച്ച നമ്മുടെ വാത്സല്യവാൻ എമ്പാശ്ശേരിൽ ശ്രീ. ജോർജ് പോൾ ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. പരേതാത്മാവിന്റെ നിത്യശാന്തിയ്ക്കായി നാം പ്രാർത്ഥിക്കുന്നു.

2022 ഓഗസ്റ്റ് മാസം 26-ാം തിയതി നമ്മുടെ അദ്ധ്യക്ഷതയിൽ കോട്ടയം പഴയ സെമിനാരിയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ മാനേജിംഗ് കമ്മറ്റി യോഗം അസ്സോസിയേഷൻ സെക്രട്ടറി സ്ഥാനത്തേയ്ക്ക് മുരിങ്ങശ്ശേരിൽ അഡ്വ. ബിജു ഉമ്മനെ തെരഞ്ഞെടുത്തു. പ്രസ്തുത തെരഞ്ഞെടുപ്പ് മലങ്കര സഭാ ഭരണഘടന 75-ാം വകുപ്പ് പ്രകാരം നാം അംഗീകരിക്കുകയും നിങ്ങളെ നാം ഇതിനാൽ അറിയിക്കുകയും ചെയ്യുന്നു. അഡ്വ. ബിജു ഉമ്മന് എല്ലാ അനുമോദനങ്ങളും ഭാവുകങ്ങളും നാം നേരുന്നു. സഭയുടെ പ്രവർത്തന പന്ഥാവിൽ അദ്ദേഹത്തിന് ആവശ്യമായ ശക്തിയും കഴിവും സർവ്വശക്തനായ ദൈവം അനവരതം ചൊരിഞ്ഞു കൊടുക്കട്ടെ എന്ന് നാം പ്രാർത്ഥിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കന്മാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ...................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2022 ഓഗസ്റ്റ് മാസം 27-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും

**In the blessed name of the Tri-une God, Self-existent,**
**Beginningless and Endless, Perfect in Being, (Glory be to Him)**
**Moran Mar Baselios Marthoma Mathews III Catholicos of the East and**
**Malankara Metropolitan enthroned on the Apostolic Throne of St. Thomas**

**No. 295/2022**

Blessings to our beloved Vicars, Priests of the locality, *Kaisthanees* and faithful of all the Parishes!

Dearly beloved,
On August 4th, 2022, the meeting of Malankara Syrian Christian Association held at Mount Tabor Dayara, Pathanapuram, elected Fr. Dr. Thomas Varghese Amayil as our Priest Trustee, and Mr. Ronny Varghese Abraham, Kuthukuzhiyil Ron Villa as our Lay Trustee, as well as Members of the Association Managing Committee for the period 2022-2027. We wish them all the best. We pray that the Lord God will strengthen and help them to work for the development of the Holy Church and the Kingdom of God with the trust of God and subject to the constitution of our Church. Our heartfelt gratitude and love to our beloved Fr. Dr. M. O. John, Madathil, who has served as the Priest Trustee for the past five years, and to the members of the Association Managing Committee. Our beloved Mr. George Paul, Embasseril who served as the Lay trustee, passed away to eternal abode. We pray for the eternal peace of the departed soul.

On 26th of August 2022, the Managing Committee meeting of the Malankara Syrian Christian Association was held at Kottayam Old Seminary and elected Adv. Biju Oommen, Muringasseril for the post of Association Secretary. We approve the said election under Article 75 of the Constitution of our Church and hereby inform you the same. We wish all the blessings to Adv. Biju Oommen. We pray that Almighty God will continue to shower him with the necessary strength and ability in the growth of the Church.

May the Grace and Blessings of God Almighty abide with you forever. And may the prayers of the Mother of our God the Holy Virgin Mary, St. Thomas the Apostle of India, our Holy Fathers Yeldo Mar Baselios, Mar Gregorios, Mar Dionysius and all the Holy Saints be a stronghold for us. Amen.

Our Father who art in Heaven...

**Baselios Marthoma Mathews III**

From Catholicate Aramana
Devalokam, Kottayam, Kerala, India
on August 27, 2022